**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 172** — **03-03-2025 - ൽ മറുപടിയ്ക്ക്**

**സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി നിലവിൽ എസ്.പി.സി. പദ്ധതി പ്രവർത്തിക്കുന്ന 979 സ്കൂളുകളിൽ 930 സ്കൂളുകളിലും പദ്ധതി പ്രവർത്തനത്തിനാവശ്യമായ ഫണ്ട് പൂർണ്ണമായും സംസ്ഥാന സർക്കാരാണ് ലഭ്യമാക്കുന്നത്. കൂടാതെ 28 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ എസ്.പി.സി. പദ്ധതി പ്രവർത്തനത്തിനാവശ്യമായ ഫണ്ട് പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് വഴിയും സംസ്ഥാന സർക്കാർ നൽകി വരുന്നുണ്ട്. ഇതിനു പുറമേ അടുത്ത അദ്ധ്യയന വർഷം (2025-26) മുതൽ 70 പുതിയ സ്കൂളുകളിൽ കൂടി എസ്.പി.സി. പദ്ധതി ആരംഭിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ( പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു).<br>സ്കൂൾ വിദ്യാർത്ഥികളിൽ നിയമത്തോടുള്ള ബഹുമാനം, അച്ചടക്കം, പൗരബോധം, ദുർബല ജനവിഭാഗങ്ങളോടുള്ള ദയാവായ്പ്, സാമൂഹ്യ വിപത്തുകൾ ചെറുക്കുവാനുള്ള കഴിവ് എന്നീ ഗുണങ്ങൾ പരിപോഷിപ്പിച്ച് സമൂഹത്തെ മാതൃകാപരമായി നയിക്കാൻ കഴിയും വിധം ആവശ്യമായ പരിശീലനം നൽകി വരുന്നു. വിദ്യാർത്ഥികളുടെ നൈസർഗികമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും പുറമെ ലഹരി ഉപയോഗം, അക്രമം, അസഹിഷ്ണുത, അച്ചടക്കമില്ലായ്മ തുടങ്ങിയ നിഷേധാത്മക പ്രവണതകളെ പ്രതിരോധിക്കുവാനും സമൂഹം, |

| | | | |
|---|---|---|---|
| | | | പരിസ്ഥിതി, കുടുംബം എന്നിവയോട് പ്രതിബന്ധത വളർത്തുവാനും ഉതകും വിധമാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്.<br>യൂണിഫോം തസ്തികകളിലെ പി.എസ്.സി. നിയമനങ്ങളിൽ ഹൈസ്കൂൾ, ഹയർസെക്കൻഡറി തലങ്ങളിൽ 4 വർഷത്തെ ട്രൈനിംഗ് പൂർത്തിയാക്കിയ A+ ഗ്രേഡ് ലഭിച്ച കേഡറ്റുകൾക്ക് 5 ശതമാനവും, A/A+ ഗ്രേഡുകൾ ലഭിച്ചവർക്ക് 4 ശതമാനവും, രണ്ട് വർഷത്തെ ട്രൈനിംഗ് പൂർത്തിയാക്കി A+ ഗ്രേഡ് ലഭിച്ചവർക്ക് 3 ശതമാനവും, A ഗ്രേഡ് ലഭിച്ചവർക്ക് 2 ശതമാനവും, വെയ്റ്റേജ് അനുവദിച്ചുകൊണ്ട് ഈ പദ്ധതി കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് എത്ര സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നിലവിലുള്ളതെന്നും ഇത് വ്യാപിപ്പിക്കുന്നത് പരിഗണനയിലുണ്ടോയെന്നും വെളിപ്പെടുത്തുമോ; | (ബി) | നിലവിൽ കേരളത്തിൽ 979 സ്കൂളുകളിൽ ആണ് എസ്.പി.സി. പദ്ധതി സജീവമായി പ്രവർത്തിക്കുന്നത്. ഈ പദ്ധതി സംസ്ഥാനത്ത് ആകമാനം വ്യാപിപ്പിക്കുന്നതിന്റെ ആദ്യ ഘട്ടമായി അടുത്ത അധ്യയന വർഷത്തിൽ 70 പുതിയ സ്കൂളുകളിൽ കൂടി എസ്.പി.സി. പദ്ധതി ആരംഭിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | വിദ്യാർത്ഥികളിൽ മദ്യ-മയക്കുമരുന്ന് ഉപയോഗം തടയുന്നതിനും അക്രമവാസനകൾ നിരുത്സാഹപ്പെടുത്തുന്നതിനും പോലീസുമായി ചേർന്ന് സ്റ്റുഡന്റ് പോലീസ് കേഡറ്റ് നടത്തിവരുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണോ എന്ന് വ്യക്തമാക്കുമോ; | (സി) | എസ്.പി.സി. പദ്ധതിയുടെ കമ്മ്യൂണിറ്റി പ്രോജക്റ്റ് ആയ SPC Against Addiction എന്നതിൽ ഉൾപ്പെടുത്തി കേരളത്തിലാകമാനമുള്ള എസ്.പി.സി. കേഡറ്റുകളുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളിലെ മദ്യം, മയക്കുമരുന്ന് ഉപയോഗം തടയുന്നതിനും, അക്രമ വാസനകൾ നിരുത്സാഹപ്പെടുത്തുന്നതിനും ആവശ്യമായ ബോധവത്ക്കരണ ക്ലാസ്സുകളും അനുബന്ധ പ്രവർത്തനങ്ങളും നടത്തിവരുന്നു. |
| (ഡി) | സർക്കാർ-എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ? | (ഡി) | നിലവിൽ 82 സർക്കാർ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ എസ്.പി.സി. പദ്ധതി സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഹയർ സെക്കൻഡറി വിഭാഗത്തിൽ പുതിയ സ്കൂളുകൾ ഉൾപ്പെടുത്തുന്നതിനായി സർക്കാർ അനുമതിയോടെ സംസ്ഥാന പോലീസ് മേധാവി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് നിർദ്ദിഷ്ട യോഗ്യതയുള്ള സ്കൂളുകൾക്ക് അപേക്ഷിക്കാനാകും. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - 2024-25 അദ്ധ്യയന വർഷത്തിലേയ്ക്ക് 70 സ്കൂളുകളിൽ പുതുതായി അനുവദിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി 2025-26 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.484/2025/HOMEതീയതി,തിരുവനന്തപുരം, 13-02-2025

---

പരാമർശം:- 1. 16.12.2024 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No. 3774-2024-Home നമ്പർ ഉത്തരവ്

2. സംസ്ഥാന പോലീസ് മേധാവിയുടെ 28/12/2024, 01.01.2025 തീയതികളിലെ യഥാക്രമം A1/98/2024/SPC,C2-126651/2023/PHQ നമ്പർ കത്തുകൾ

**ഉത്തരവ്**

പരാമർശം 1 പ്രകാരം 2024-25 അദ്ധ്യയന വർഷത്തിലേയ്ക്ക് 70 സ്കൂളുകളിൽ കൂടി പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

2024-25 അദ്ധ്യയന വർഷം അവസാനിക്കാറായ സാഹചര്യത്തിൽ 70 പുതിയ സ്കൂളുകളെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഭാഗമാക്കൽ നടപ്പിൽ വരുത്തുന്നത് 2025-26 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വരുന്ന തരത്തിലുള്ള ഉത്തരവ് സർക്കാരിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം 2 പ്രകാരം സംസ്ഥാന പോലീസ് മേധാവി അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 അദ്ധ്യയന വർഷത്തിലേയ്ക്ക് 70 സ്കൂളുകളിൽ കൂടി പുതുതായി അനുവദിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, 2025-26 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANJU M**

ഡെപ്യൂട്ടി സെക്രട്ടറി

1. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
2. സ്റ്റേറ്റ് നോഡൽ ഓഫീസർ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി,തിരുവനന്തപുരം
3. ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി
4. കരുതൽ ഫയൽ (D2/3/2025-HOME)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എയ്ക്ക്